**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വയനാട് വന്യജീവി സങ്കേതത്തിൽ ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്ന ഡോ.അരുൺ സക്കറിയ - യെ ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ തസ്തികയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.285/2025/F&WLD** **തീയതി,തിരുവനന്തപുരം, 23-07-2025**

---

പരാമർശം:-
1. സ.ഉ(സാധാ) നം.385/2024/വനം തീയതി 04.09.2024.
2. സ.ഉ(സാധാ) നം.697/2024/AHD തീയതി 22.12.2024.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 09.07.2025 - ലെ KFDHQ/3994/2021-CWW/WL2 നമ്പർ കത്ത്.

**ഉത്തരവ്**

മൃഗസംരക്ഷണവകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ഡോ.അരുൺ സക്കറിയയെ വനം വകുപ്പിൽ ഫോറസ്റ്റ് വെറ്റിനറി ഓഫീസർ ആയി അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം (1) ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. പരാമർശം (2) പ്രകാരം ഡോ.അരുൺ സക്കറിയയെ മൃഗസംരക്ഷണ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായി ഉദ്യോഗക്കയറ്റം നല്കുകയും വനം വകുപ്പിൽ അന്യത്രസേവനം തുടരാൻ അനുമതി നല്കുകയും ചെയ്തിരുന്നു. എന്നാൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഡോ.അരുൺ സക്കറിയയ്ക്ക് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ ആയി തുടർന്നും സേവനമനുഷ്ഠിക്കാൻ സാധിക്കുകയില്ലായെന്നതിനാൽ, വനം വകുപ്പിൽ അതിന് തുല്യമായ തസ്തികയും, നിലവിൽ ഒഴിവുള്ളതുമായ ചീഫ് വെറ്റിനറി ഓഫീസർ തസ്തികയിലേയ്ക്ക് 01.01.2025 തീയതി മുൻകാല പ്രാബല്യത്തിൽ നിയമിക്കണമെന്ന് പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശിപാർശ പരിഗണിച്ച്, വയനാട് വന്യജീവി സങ്കേതത്തിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഫോറസ്റ്റ് വെറ്റിനറി ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്ന ഡോ.അരുൺ സക്കറിയയെ വനം വകുപ്പ് ആസ്ഥാനത്ത് നിലവിൽ ഒഴിവുള്ളതായ ചീഫ് വെറ്റിനറി ഓഫീസർ തസ്തികയിൽ 01.01.2025 തീയതി മുൻകാല പ്രാബല്യത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള കാലയളവ് വരെ അന്യത്ര സേവനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUSAN GOPI

**അഡിഷണൽ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

ഡോ.അരുൺ സക്കറിയ(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുഖേന).

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 23-07-2025 16:49:43